LIBRARY ARCHIVES Kerala Legislative Assembly

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ വൈഡനിംഗ് പ്രവൃത്തി

78(2434) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ വൈഡനിംഗ് എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച നടപടികൾ വിശദീകരിക്കുമോ;

&

(ബി) ഇതുമായി ബന്ധപ്പെട്ട് ഇനിയും പൂർത്തിയാക്കാനുള്ള നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ വൈഡനിംഗ് എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് വെന്നിയൂർ പറമ്പ്-താനൂർ റോഡ് കി.മീ. 0/000-നും 0/200-നും ഇടയിൽ വെന്നിയൂർ പറമ്പ് ജംഗ്ഷൻ പുനരുദ്ധാരണത്തിനായ് 26-2-2015-ലെ സ.ഉ(സാധാ)നമ്പർ 297/2015/പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം 710 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സിവിൽ വർക്സിനുള്ള ഭരണാനുമതി ഉത്തരവിന്റെ കാലാവധി 3 വർഷമായി നിജപ്പെടുത്തിയതിനാൽ പ്രസ്തുത പ്രവൃത്തിയുടെ ഉത്തരവ് പരിഷ്കരിച്ച് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനായി ഭൂമിയേറ്റെടുക്കുന്നതിനുള്ള ഫണ്ട് ലഭ്യത ഉൾപ്പെടെ വിശദമായ പ്രൊപ്പോസൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

മലയോര ഹൈവേ

79 (2435) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. ബാബു(നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലമായി വിവിധ കാരണങ്ങളാൽ തടസ്സപ്പെട്ടുകിടന്നിരുന്ന മലയോര ഹൈവേ യാഥാർത്ഥ്യമാക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ ക്രിയാത്മകമായ ഇടപെടലുകൾ മൂലമുണ്ടായിട്ടുള്ള പ്രവർത്തന പുരോഗതി സർക്കാർ വിശദമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

1251 കി.മീ വരുന്ന മലയോര ഹൈവേയുടെ 255 കി.മീ ഇതിനോടകം കരാർ നൽകി നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 69 കി.മീ പൂർണ്ണമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ഏതെല്ലാം റീച്ചുകളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത കാലയളവിൽ കാസർഗോഡ് ജില്ലയിലെ നന്ദാരപടവ്-ചേവാർ, കൊല്ലം ജില്ലയിലെ പുനലൂർ KSRTC ജംഗ്ഷൻ - കൊല്ലായിൽ എന്നീ റീച്ചുകൾ പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ട്.

(സി) മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടുകിട്ടുന്നതിന് എവിടെയെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മലയോര ഹൈവേയ്ക്ക് ഫ്രീ സറണ്ടർ ആയാണ് സ്ഥലം ഏറ്റെടുക്കുന്നത്. വനഭൂമി ഏറ്റെടുക്കേണ്ട ഇടങ്ങളിൽ വനം വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോൾ പ്രവൃത്തി പുരോഗമിക്കുന്ന റീച്ചുകളിലെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന റീച്ചുകൾ 2022 അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

എടച്ചേരി പി.എച്ച്.സി. കെട്ടിടം

80 (2436) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി പി.എച്ച്.സി. കെട്ടിടത്തിന്റെ വയറിംഗ് അനുബന്ധ പ്രവൃത്തികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

എടച്ചേരി പ്രാഥമികാരോഗ്യ കേന്ദ്രം കെട്ടിടത്തിന്റെ വയറിംഗ് അനുബന്ധ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് വൈദ്യുത ഉപവിഭാഗത്തിന്റെ 5-8-2021-ന് തുറക്കുന്ന ടെണ്ടറിൽ ഉൾപ്പെട്ടിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി 31-8-2021-ന് മുമ്പായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly